# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം 4582

17.12.2014 ലെ മറുപടിക്ക്

### വൈക്കം നിയോജകമണ്ഡലത്തിൽ റെസ്പോൺസിബിൾ ടൂറിസം പദ്ധതികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. അജിത് | | ശ്രീ. എ.പി.അനിൽകുമാർ (പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) | |
| എ) | വൈക്കം നിയോജക മണ്ഡലത്തിൽ റെസ്പോൺസിബിൾ ടൂറിസം പദ്ധതികൾ ഏതൊക്കെ സ്ഥലങ്ങളിലാണ് നടപ്പാക്കുന്നതെന്നും ഇതിന്റെ വിശദാംശങ്ങൾ എന്തൊക്കെയെന്നും വ്യക്തമാക്കുമോ; | എ) | വൈക്കം നിയോജക മണ്ഡലത്തിൽ വൈക്കം മുനിസിപ്പാലിറ്റി, മറവൻ തുരുത്ത് ഗ്രാമ പഞ്ചായത്ത്, ചെമ്പ് ഗ്രാമ പഞ്ചായത്ത് എന്നീ തദ്ദേശ സ്വയം ഭരണ സ്ഥാപന പ്രദേശങ്ങളിൽ ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങൾ നടപ്പാക്കി വരുന്നു. |
| ബി) | റെസ്പോൺസിബിൾ ടൂറിസം പദ്ധതി ഏത് ഏജൻസി വഴിയാണ് നടപ്പാക്കുന്നതെന്നും പ്രസ്തുത പദ്ധതിയിൽ ഈ ഏജൻസിയുടെ സേവനങ്ങൾ എന്തൊക്കെയെന്നും വ്യക്തമാക്കുമോ ; | ബി) | ഉത്തരവാദിത്ത ടൂറിസം പദ്ധതി കിറ്റ്സ് വഴിയാണ് നടപ്പിലാക്കുന്നത്. ടൂറിസം വിദഗ്ദ്ധരുമായി ചർച്ച ചെയ്യൽ, ഉത്തരവാദിത്ത ടൂറിസം പദ്ധതിയെക്കുറിച്ച് അവബോധം സൃഷ്ടിക്കൽ, റെസ്പോൺസിബിൾ ടൂറിസം കേന്ദ്രങ്ങളിലെ ഹോട്ടലുകളിൽ പ്രാദേശിക സപ്ലൈഗ്രൂപ്പുകളും, സാംസ്കാരിക സംഘങ്ങളുമായും ബന്ധിപ്പിക്കൽ, പുതിയ ടൂറിസം പാക്കേജുകൾ തയ്യാറാക്കലും അവയുടെ വിപണനവും, തദ്ദേശവാസികൾക്ക് ടൂറിസവുമായി ബന്ധപ്പെട്ട് പരിശീലനം നൽകൽ, ടൂറിസം സംബന്ധിച്ച സൂക്ഷ്മ സംരംഭങ്ങളുടെ കണ്ടെത്തൽ, പരിശീലനം നൽകൽ, ടൂറിസം വ്യവസായങ്ങളുമായി ബന്ധിപ്പിക്കൽ, പരിസ്ഥിതി അവബോധ പ്രവർത്തനങ്ങൾ നടപ്പിലാക്കൽ, മാലിന്യ നിർമ്മാർജ്ജനം തുടങ്ങിയ പ്രവർത്തനങ്ങളാണ് ഉത്തരവാദിത്ത ടൂറിസം പദ്ധതിയുമായി ബന്ധപ്പെട്ട് നോഡൽ ഏജൻസി നൽകുന്ന സേവനങ്ങൾ. കൂടാതെ ഉത്തരവാദിത്ത ടൂറിസം വിപുലീകരിക്കുന്നതിനായി തെരഞ്ഞെടുക്കപ്പെട്ട സ്ഥാപനങ്ങളിൽ ശില്പശാലകൾ സംഘടിപ്പിക്കുന്നതിനുള്ള സാങ്കേതിക പിൻബലം, ഉത്തരവാദിത്ത ടൂറിസം കൈപ്പുസ്തകം ലഭ്യമാക്കൽ, റിസോഴ്സ് ലേബർ ഡയറക്ടറി തയ്യാറാക്കൽ എന്നിവയും നോഡൽ ഏജൻസി ചെയ്തു വരുന്നു. |

(.........2)

സി) റെസ്പോൺസിബിൾ ടൂറിസം പദ്ധതിയുടെ പദ്ധതി പ്രദേശങ്ങൾ തെരഞ്ഞെടുക്കുന്നതിന്റെ മാനദണ്ഡങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ ;

സി) 2007ൽ രൂപീകൃതമായ സംസ്ഥാനതല ഉത്തരവാദിത്ത ടൂറിസം കമ്മിറ്റിയുടെ തീരുമാന പ്രകാരമാണ് കോവളം (ബീച്ച്), കുമരകം (കായൽ), തേക്കടി (വന്യജീവി സങ്കേതം), വയനാട്-വൈത്തിരി (ഹിൽ സ്റ്റേഷൻ) എന്നീ നാലു പ്രദേശങ്ങളിൽ പരീക്ഷണാടിസ്ഥാനത്തിൽ ഉത്തരവാദിത്ത ടൂറിസം നടപ്പിലാക്കാൻ തീരുമാനമെടുത്തത്. തുടർന്ന് 2012ൽ ടൂറിസ്റ്റുകളുടെ വരവ്, അടിസ്ഥാന സൗകര്യം, ടൂറിസം സാധ്യത എന്നിവ കണക്കിലെടുത്ത് കുമ്പളങ്ങി, ബേക്കൽ, വയനാട്-അമ്പലവയൽ എന്നീ പ്രദേശങ്ങളെക്കൂടി ഈ പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ തീരുമാനമെടുത്തു. നാളിതുവരെയുള്ള പ്രവർത്തനങ്ങളിൽ നിന്നും തദ്ദേശീയർക്ക് പ്രത്യേകിച്ച് സാധാരണക്കാർക്ക് തൊഴിലവസരവും വരുമാനവും അതോടൊപ്പം ടൂറിസം വ്യവസായത്തിന് പുതിയ പാക്കേജുകളും നല്കാൻ കഴിഞ്ഞതിന്റെ അടിസ്ഥാനത്തിൽ ഈ പദ്ധതി 50 തദ്ദേശസ്വയം ഭരണ പ്രദേശങ്ങളിലേക്ക് വ്യപിപ്പിക്കുന്നതിന് തീരുമാനിച്ചു.

ഡി) റെസ്പോൺസിബിൾ ടൂറിസം പദ്ധതിക്ക് സാമ്പത്തിക ബാദ്ധ്യതകൾ വരുന്നുണ്ടോയെന്നും ഈ ബാദ്ധ്യതകൾ ആരാണ് വഹിക്കുന്നതെന്നും വ്യക്തമാക്കുമോ?

ഡി) ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങളുടെ ഭാഗമായി പ്രാദേശിക ജനവിഭാഗങ്ങളുടെ ഇടയിൽ അവബോധം സൃഷ്ടിക്കാനും പ്രാദേശിക ജനതയ്ക്ക് പരിശീലനം നൽകാനും പുതിയ ടൂറിസം പാക്കേജുകളുടെ രൂപം നൽകാനും പ്രാദേശിക ഉൽപ്പന്നങ്ങളേയും മാനവശേഷിയേയും ടൂറിസം വ്യവസായവുമായി ബന്ധിപ്പിക്കുതിന് ടൂറിസ്റ്റുകൾക്ക് മെച്ചപ്പെട്ടതും ഗുണമേന്മയുള്ളതുമായ സേവനം ലഭ്യമാക്കുന്ന സാഹചര്യം ഒരുക്കുന്നതിനും സാമ്പത്തികമായ ബാധ്യതയുണ്ട്. ഇതിനു വേണ്ടിവരുന്ന ചെലവ് വഹിക്കുന്നത് ടൂറിസം വകുപ്പാണ്.

സെക്ഷൻ ഓഫീസർ